പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6364

03.04.2018-ൽ മറുപടിയ്ക്ക്

## കാട്ടുതീ തടയാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.സി. ജോർജ് | അഡ്വ.കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മുൻകാലങ്ങളിലേക്കാൾ ചൂട് വളരെ കൂടുതൽ ആയതിനാൽ, വനങ്ങളിലെ വന്യ മൃഗങ്ങൾ വെള്ളം തേടിയും, ഭക്ഷണം തേടിയും വനമേഖലകളിൽ നിന്നും മനുഷ്യവാസ സ്ഥലങ്ങളിലേയ്ക്ക് ഇറങ്ങി വരുന്ന സാഹചര്യം കണക്കിലെടുത്ത് എന്തെങ്കിലും പുതിയ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) വേനൽക്കാലത്ത് ജല-ഭക്ഷണ ലഭ്യത ഉറപ്പുവരുത്തുന്നതിന് വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയവ നിർമ്മിക്കുന്നതിനുമുള്ള പദ്ധതികൾ കഴിഞ്ഞ വർഷങ്ങളിൽ എന്നപോലെ ഈ വർഷവും സ്വീകരിച്ചുവരുന്നുണ്ട്. കേരളത്തിലെ വനമേഖലകളിലാകെ ഇതുവരെ ഏകദേശം 3000-ത്തോളം ജലസ്രോതസ്സുകൾ (waterhole, vayals, waterspread) നവീകരിച്ചിട്ടുണ്ട്. 2016-17 വർഷം 67 ചതുപ്പപ്രദേശങ്ങളിൽ (vayals) മൺബണ്ടുകൾ നിർമ്മിക്കുകയും 30 എണ്ണത്തിൽ ചെടികൾ നട്ട് ബലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ വനത്തിനുള്ളിൽ 141 ചെക്ക്ഡാമുകൾ അറ്റകുറ്റപ്പണികൾ നടത്തുകയും, 91 താൽക്കാലിക തടയണകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. 2017-18 ൽ നാളിതുവരെ 86 ജലസ്രോതസ്സുകൾ നവീകരിച്ചിട്ടുണ്ട്. കഴിഞ്ഞ വേനൽ ക്കാലത്ത് നിലമ്പൂർ, ചിന്നാർ വന്യജീവി സങ്കേതം എന്നിവിടങ്ങളിൽ ലോറിയിൽ |

| | |
|---|---|
| | വെള്ളമെത്തിച്ച് കുളങ്ങൾ നിറച്ചതു പോലെ, ആവശ്യമുള്ള പക്ഷം ഈ വർഷവും ഇത്തരം പ്രവർത്തികൾ സ്വീകരിക്കുന്നതാണ്. വനത്തിനുള്ളിലെ വനവത്ക്കരണത്തിന് പുല്ല്, ഈറ്റ എന്നിവ വച്ചുപിടിപ്പിച്ച് പരിപാലിക്കുന്നുണ്ട്. |
| (ബി) ചൂട് കൂടിയ സാഹചര്യത്തിൽ വനങ്ങൾ തീയിൽ കത്തിപ്പോകാൻ സാധ്യതയുള്ളതിനാൽ, ഇതിനെതിരെ എന്തൊക്കെ നടപടികൾ വനം വകുപ്പ് സ്വീകരിയ്ക്കുമെന്ന് വിശദമാക്കുമോ? | (ബി) കാട്ടുതീ നിയന്ത്രിക്കുന്നതിന് സമഗ്രമായ ഒരു ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി നടപടികൾ സ്വീകരിച്ചു വരുന്നു. അതുപ്രകാരം വനസംരക്ഷണ സമിതി/ഇക്കോഡെവലപ്മെന്റ് കമ്മറ്റികളുമായി ധാരണാപത്രം ഒപ്പുവച്ച് അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. ഫയർ സീസൺ തുടങ്ങുന്നതിനു മുമ്പ് തന്നെ ഫയർലൈൻ എടുക്കുകയും, എല്ലാ ഫോറസ്റ്റ് റെയിഞ്ചുകളിലും കാട്ടുതീ പ്രതിരോധത്തിനായി താൽക്കാലികമായി ഫയർ പ്രൊട്ടക്ഷൻ വാച്ചർമാരെയും നിയമിച്ചിട്ടുണ്ട്. കാട്ടുതീ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ ഫയർ പ്രൊട്ടക്ഷൻ വാച്ചർമാരുടെയും ജീവനക്കാരുടെയും സേവനം വിനിയോഗിച്ച് തീ അണയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

Beena

സെക്ഷൻ ഓഫീസർ